# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3369 13.03.17 ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ ഫാൻസി നമ്പർ ലേലം**

| | ചോദ്യം<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വാഹനങ്ങളുടെ ഫാൻസി നമ്പർ ലേലം ഇ -ടെണ്ടറിലേക്ക് മാറ്റുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വാഹനങ്ങളുടെ ഫാൻസി നമ്പറുകളുടെ ലേലം ഇ-ടെണ്ടറിലേക്ക് മാറ്റുന്നതിലേയ്ക്കായി വകുപ്പ് ആലോചനകൾ നടത്തിവരുന്നു. |
| (ബി) | ഇ-ടെണ്ടറിലേക്ക് മാറ്റുന്നത് വഴി ലേലത്തിന് മുൻപ് എന്തെങ്കിലും ഒത്തുകളി ഉണ്ടെങ്കിൽ ആയത് ഒഴിവാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇ-ടെണ്ടറിലേക്ക് മാറിയാൽ വാഹന നമ്പർ ലേലത്തിൽ അപേക്ഷകർ തമ്മിൽ ഉണ്ടാവുന്ന ഒത്തുകളികൾ ഒഴിവാക്കാനാവും എന്നാണ് കരുതുന്നത്. |
| (സി) | ഇതിനായി സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | ഈ വിഷയത്തിൽ പ്രാഥമിക ചർച്ചകൾ മാത്രമാണ് നടന്നത്. ഇതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായിട്ടാണ് ചർച്ചകൾ നടത്തിയത്. അന്തിമ തീരുമാനം ആയിട്ടില്ല. രാജ്യമൊട്ടാകെ നടപ്പാക്കാനായി കേന്ദ്രസർക്കാർ തയ്യാറാക്കി വരുന്ന 'വാഹൻ സാരഥി' എന്ന സോഫ്റ്റ് വെയറിൽ ഇതിനുള്ള സാങ്കേതിക സൗകര്യം ലഭ്യമാണ്. അത് സംസ്ഥാനത്തെ സാഹചര്യങ്ങൾക്ക് അനുകൂലമായി ഉപയോഗപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ